# Deepika

## 28 August 2018

## Chenganashery: After Flood, Kuttanand

പങ്കാളിയാകാൻ മാർ ജേക്കബ് മുരിക്കനും സംഘവുമെത്തി

### ക്ലീൻ കുട്ടനാട് പദ്ധതിക്കു ശ്രമകരമായ തുടക്കം

**ചങ്ങനാശേരി:** കുട്ടനാട്ടിലെ പ്രളയബാധിത മേഖലകളിലെ വീടുകളും പരിസരങ്ങളും ശുചീകരിക്കാനായി യുവജനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച ക്ലീൻ കുട്ടനാട് ശുചിത്വ പദ്ധതിക്കു തുടക്കമായി. ചങ്ങനാശേരി അതിരൂപത യുവദീപ്തി-എസ്എംവൈഎം നേതൃത്വം നൽകുന്ന പദ്ധതി സഹായ മെത്രാൻ മാർ തോമസ് തറയിൽ പള്ളിക്കൂട്ടുമ്മയിൽ ഉദ്ഘാടനം ചെയ്തു. പള്ളിക്കൂട്ടുമ്മ പള്ളി, സിഎംസി കോൺവന്റ്, മണലാടി എസ്ഡി കോൺവന്റ്, ഈ പ്രദേശങ്ങളിലെ വിവിധ വീടുകൾ എന്നിവയാണ് ഇന്നലെ ശുചീകരിച്ചത്. ഇന്നും ഈ മേഖലകളിൽ ശുചീകരണം തുടരും.



**പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കന്റെ നേതൃത്വത്തിലുള്ള സംഘം മുട്ടാർ പള്ളിയുടെ പരിസരങ്ങൾ ശുചീകരിക്കുന്നു.**

പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കന്റെ നേതൃത്വത്തിൽ പാലായിൽ നിന്നെത്തിയ സംഘം മുട്ടാർ സെന്റ് തോമസ് പള്ളിയും പരിസര പ്രദേശങ്ങളിലെ വീടുകളും ശുചീകരിച്ചു.

വടവാതൂർ സെമിനാരിയിലെ 250 വൈദിക വിദ്യാർഥികൾ മങ്കൊമ്പ്, തെക്കേക്കര, മുട്ടാർ ന്യൂ, മുട്ടാർ ഓൾഡ്, കിടങ്ങറ, കാവാലം ലിസ്യു, കൈനടി പ്രദേശങ്ങളിലെ വീടുകളിൽ ഇന്നു ശുചീകരണം നടത്തും.

നെടുംകുന്നം ഫൊറോനയിലെ പത്തു വൈദികരുടെ നേതൃത്വത്തിൽ 430 പേരുടെ സംഘം ഇന്നലെ മണലാടി, പടഹാരം മേഖലകളിലെ വീടുകൾ ശുചീകരിച്ചു. ചെറുവാണ്ടൂർ ഇടവകയുടെ നേതൃത്വത്തിൽ ഇന്നു ചേന്നങ്കരിയിൽ ശുചീകരണ ജോലി നടത്തും. കൊല്ലം ഫിൽഗിരി ഇടവകാംഗങ്ങൾ ചമ്പക്കുളം ഫൊറോനാ പള്ളിക്കു സമീപമുള്ള വീടുകളിൽ ശുചീകരണം നടത്തി.

കാഞ്ഞിരപ്പള്ളി രൂപതയിലെ അമലഗിരി യുവദീപ്തി പ്രവർത്തകർ രൂപത ഡയറക്ടർ ഫാ. ജോർജ് പുല്ലന്താനം, അസിസ്റ്റന്റ് ഡയറക്ടർ ഫാ.വർഗീസ് കൊച്ചുപുരയ്ക്കൽ എന്നിവരുടെ നേതൃത്വത്തിൽ മുട്ടാർ, മഹേന്ദ്രപുരം പ്രദേശങ്ങളിൽ ശുചീകരണം നടത്തി. ചാസിന്റെ 148 യൂണിറ്റുകളിലെ മൂവായിരം സ്വാശ്രയ സംഘങ്ങൾ ക്ലീൻ കുട്ടനാട് പദ്ധതിയിൽ പങ്കാളികളാകുമെന്ന് അതിരൂപത ഡയറക്ടർ ഫാ.ജോസഫ് കളരിക്കൽ അറിയിച്ചു.